**SUNDAY** 29/12/2024 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/12/2024

1. ഈ വർഷത്തെ 'കരപ്പുറം കാഴ്ച്ച' കാർഷിക പ്രദർശന-വിപണന, സാംസ്കാരിക, കലാമേള ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനത്ത് നടക്കുന്നു. നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, കാർഷിക സെമിനാറുകൾ, ബി 2 ബി മീറ്റുകൾ, ഇൻകുബേറ്റർ സെൻ്റർ, കാർഷിക വായ്പാ സഹായകേന്ദ്രങ്ങൾ, കാർഷിക പഠന ക്ലാസുകൾ, തദ്ദേശീയ കലാകാരന്മാരുടെ കലാസാംസ്കാരിക പരിപാടികൾ എന്നിവ കരപ്പുറം കാഴ്ചയോടനുബന്ധിച്ച് നടക്കുന്നു.

2. നാളികേരത്തിന്റെ വിളവെടുപ്പിനും, പരിചരണത്തിനുമായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഹലോ നാരിയൽ കോൾ സെൻ്ററിലേയ്ക്ക് വിളിച്ച് കേര കർഷകർക്ക് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കാം. സേവനം ലഭ്യമാകുന്നതിനായി തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. ഇതുവരെ 985 ചങ്ങാതിമാരാണ് കോൾ സെൻ്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിൻ്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിൻ്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം.

3. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചുങ്കത്തറ ജില്ലാ കൃഷി ഫാമിൽ ജനുവരി രണ്ട് മുതൽ ആറ് വരെ അന്താരാഷ്ട്ര കാർഷിക പ്രദർശന വിപണന മേള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നിറപൊലി അഗ്രി എക്സ്പോ നടത്തുന്നു. സംസ്ഥാന കാർഷിക വികസന- കർഷക ക്ഷേമ വകുപ്പിൻ്റെ സ്ഥാപനങ്ങളുടെ സ്റ്റാളുകൾക്ക് പുറമെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രാജ്യത്തെ വിവിധ സ്ഥാപനങ്ങളുടെ നൂറോളം സ്റ്റാളുകൾ മേളയിൽ ഉണ്ടാവും. വിവിധങ്ങളായ നടീൽ വസ്തുക്കൾ, മൂല്യവർധിതകാർഷികോൽപന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയും മേളയിലുണ്ടാവും. ആധുനിക കാർഷിക യന്ത്രസാമഗ്രികളുടെ പ്രദർശനം, വിദ്യാർഥികൾക്കായി വിവിധ മൽസരങ്ങൾ, കുട്ടികൾക്കുള്ള പിക്നിക് പാർക്ക് ഫുഡ് കോർട്ട് തുടങ്ങിയവയും സജ്ജീകരിക്കും. മേളയോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകളും സംഘടിപ്പിക്കുന്നു.

4. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണനകേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഹൈബ്രിഡ് തെങ്ങിൻ തൈകളും മാവ്, പ്ലാവ്, പേര, സപ്പോട്ട, ചാമ്പ, ബറാബ, വെസ്റ്റ് ഇന്ത്യൻ ചെറി, ഡ്രാഗൺ ഫ്രൂട്ട്, കുരുമുളക്, സർവ്വസുഗന്ധി, ഗ്രാമ്പു, പട്ട, നാരകം എന്നിവയുടെ ഒട്ടു തൈകളും ലയർ തൈകളും ബഡ് ചെയ്ത തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0495 2935850, 9188223584

5. കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ കൂൺ വിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487 - -2370773

## കാർഷിക നിർദ്ദേശം

6. മാവിൻതോട്ടങ്ങളിൽ വൈകുന്നേരങ്ങളിൽ പുകയ്ക്കുന്നത് പൂക്കാനും, കായ്ക്കാനും സഹായിക്കും. കായീച്ചയുടെ ഉപദ്രവംകൊണ്ട് മാങ്ങയിൽ ഉണ്ടാകുന്ന പുഴുക്കേട് നിയന്ത്രിക്കാനായി ഫിറമോൺകെണി ഉപയോഗിക്കാം. മാവ് പൂത്ത് തുടങ്ങുമ്പോൾ മുതൽ കെണിവെയ്ക്കണം. ഒരു കെണി ഉപയോഗിച്ച് 3 മുതൽ 4 മാസത്തോളം ആണ് ഈച്ചകളെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/തുളസിയില തുടങ്ങിയവ കൊണ്ടുള്ള ചിരട്ട കെണികളും ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ഗുണംചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്.

7. കശുമാവിന് തടിതുരപ്പൻ പുഴുവിന്റെ ഉപദ്രവം ഈ മാസങ്ങളിൽ ഉണ്ടാകാനിടയുണ്ട്. തടിവേരോട് ചേരുന്ന ഭാഗത്താണ് ഇവയുടെ ഉപദ്രവം സാധാരണ തുടങ്ങുക. മൂർച്ചയുള്ള കത്തി കൊണ്ട് സുഷിരമുള്ള ഭാഗങ്ങൾ ചെത്തി വൃത്തിയാക്കി പുഴുക്കളെ നശിപ്പിക്കേണ്ടതാണ്. തടിയിൽഏതാണ്ട് 1 മീറ്റർ ഉയരം വരെ വേപ്പെണ്ണ പുരട്ടുന്നത് ഈ കീടത്തിന്റെ ആക്രമണം ഒരു പരിധി വരെ ഒഴിവാക്കുന്നതിന് സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം